#IIMKinMedia

Date: September 05, 2026

Newspaper : Deepika, Pg.07

# ഐഐഎമ്മിലെ മന്ത്രിക്കുട്ടികൾ

## ▶▶ വിദഗ്ധർക്കു മുമ്പിൽ നല്ല കുട്ടികളായി മന്ത്രിമാർ



**കോഴിക്കോട്:** അഞ്ചു മണിക്കൂറിലേറെ നീണ്ട വിവിധ സെഷനുകളിൽ മന്ത്രിമാർ സ്കൂൾ വിദ്യാർഥികളെപ്പോലെ കണ്ണും കാതും കൂർപ്പിച്ചിരുന്നു. മുങ്ങാനോ കണ്ണടയ്ക്കാനോ പറ്റില്ല. ഫോൺ റിംഗ് ചെയ്താൽ പിഴയും. നിയമസഭയിലെ പുലികളെല്ലാം ശാന്തരായിരുന്നു. വിവിധ വിഷയങ്ങളിൽ വിദഗ്ധർ മന്ത്രിമാരോടു ചോദ്യങ്ങൾ ഉന്നയിച്ചു. മന്ത്രിമാർ തിരിച്ചും ചോദ്യങ്ങളും സംശയങ്ങളുമുന്നയിച്ചു. കേരളത്തിന്റെ ഭാവി വികസനത്തിനു പുതിയ ദിശകളും സാധ്യതകളും കണ്ടെത്തുന്നതിനായി കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിൽ 'റീ ഇമാജിനിംഗ് കേരളം' എന്ന പേരിൽ ആരംഭിച്ച മന്ത്രിസഭയുടെ നേതൃത്വ ശില്പശാല സക്രിയമായിരുന്നു.

മുഖ്യമന്ത്രി വി.ഡി. സതീശനും മറ്റു പല മന്ത്രിമാരും വ്യാഴാഴ്ച രാത്രിയിൽ ഐഐഎമ്മിലെത്തി, മറ്റുള്ളവർ ഇന്നലെ രാവിലെയും. രാവിലെ ഒമ്പതിന് മുഖ്യമന്ത്രി വി.ഡി. സതീശൻ നിലവിളക്ക് കൊളുത്തി ഉദ്ഘാടനം നിർവഹിച്ചു.

അതിനുശേഷം ഒമ്പതരയോടെയാണു മന്ത്രി കെ. മുരളീധരൻ എത്തിയത്. മന്ത്രിസഭയിലെ മുഴുവൻ അംഗങ്ങളും ചീഫ് സെക്രട്ടറി ഉൾപ്പെടെ മുതിർന്ന ഉദ്യോഗസ്ഥരും ആദ്യദിനത്തിലെ സെഷനുകളിൽ പങ്കെടുത്തു.

ഐഐഎമ്മിൽത്തന്നെയാണ് മന്ത്രിമാരുടെ താമസം. ശില്പശാലയ്ക്കു മുമ്പ് രാവിലെയും ശേഷം വൈകുന്നേരവും മന്ത്രിമാർക്കു പുറത്തു പോകാൻ അനുവാദമുണ്ട്. പക്ഷേ, രാവിലെ കൃത്യസമയം പാലിക്കണമെന്നാണു കർശന നിർദേശം. സമയത്തിൽ വിട്ടുവീഴ്ചയില്ലാത്തതിനാൽ ശില്പശാലയ്ക്കു മുമ്പും ശേഷവുമായി മന്ത്രിമാർ പങ്കെടുക്കുന്ന നിരവധി പൊതുപരിപാടികൾ കോഴിക്കോട്ട് സംഘടിപ്പിച്ചിട്ടുണ്ട്.

### ചർച്ച ചെയ്ത് സാധ്യതകളും വെല്ലുവിളികളും

സംസ്ഥാനത്തിന്റെ രാഷ്ട്രീയ നേതൃത്വം, ഐഐഎം അധ്യാപകർ, ദേശീയ-അന്തർദേശീയ വിദഗ്ധർ എന്നിവർ ഒത്തുചേർന്ന സംഗമത്തിൽ കേരളത്തിന്റെ ഭാവിയെ സ്വാധീനിക്കുന്ന വിവിധ സാധ്യതകളും വെല്ലുവിളികളും സംബന്ധിച്ച് ചർച്ചകൾ നടന്നു.

ആശയങ്ങളും അനുഭവങ്ങളും പരസ്പരം പങ്കുവച്ച് അവയെ പ്രായോഗികവും ഫലപ്രദവുമായ വികസന ഇടപെടലുകളാക്കി മാറ്റുകയാണ് സംഗമത്തിന്റെ പ്രധാന ലക്ഷ്യം. ഐഐഎം കോഴിക്കോട് ഡയറക്ടർ പ്രഫ. ദേബാശിഷ് ചാറ്റർജി അവതരിപ്പിച്ച 'നിർമിതബുദ്ധിയുടെ കാലത്തെ പരിവർത്തനാത്മക നേതൃത്വം: ലക്ഷ്യബോധത്തോടെയും ഫലപ്രാപ്തിയോടെയും ജനങ്ങളെ പങ്കാളികളാക്കുക' എന്ന വിഷയത്തിലുള്ള സെഷനോടെയാണ് ആദ്യദിനത്തിലെ ചർച്ചകൾക്ക് തുടക്കമായത്. ഐഐഎം കോഴിക്കോട് ഡീൻ പ്രഫ. ആനന്ദക്കുട്ടൻ ഉണ്ണിത്താൻ സെഷൻ ഏകോപിപ്പിച്ചു.

'കേരളത്തെ ആരോഗ്യ-ക്ഷേമ കേന്ദ്രമായി ഉയർത്തുക' എന്ന വിഷയത്തിൽ നടന്ന പ്രത്യേക സെഷനിൽ ചെന്നൈ അരവിന്ദ് കണ്ണാശുപത്രി ചീഫ് മെഡിക്കൽ ഓഫീസർ ഡോ. അരവിന്ദ് ശ്രീനിവാസൻ നേതൃത്വം നൽകി. 'കാലാവസ്ഥാ വ്യതിയാന അനുകൂലനത്തിന്റെയും സമൂഹാധിഷ്ഠിത ദുരന്തനിവാരണത്തിന്റെയും പാഠങ്ങൾ' എന്ന വിഷയത്തിൽ ജപ്പാനിലെ കിയോ സർവകലാശാലയിലെ പ്രഫസർ ഡോ. രാജീബ് ഷാ, ഐഐഎം പ്രഫ. അനുപം ദാസ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു.

'നയങ്ങളിൽനിന്ന് പെരുമാറ്റത്തിലേക്ക്: ഫലപ്രദമായ ഭരണനിർവഹണത്തിന്റെ ശാസ്ത്രം' എന്ന വിഷയത്തിലുള്ള സെഷനിൽ ലണ്ടൻ കിംഗ്സ് കോളജിലെ ഡോ. സഞ്ജയൻ ബാനർജി, ഐഐഎം പ്രഫ. സിദ്ധാർഥ് പാധി എന്നിവർ സെഷൻ നയിച്ചു.

'കേരളത്തിന്റെ വയോജന സമ്പദ് വ്യവസ്ഥ ദൗത്യം' എന്ന വിഷയത്തിലുള്ള ചർച്ചയ്ക്ക് ഐഐഎം പ്രഫ. ദീപ സേഥി, പ്രഫ. പ്രിയ നായർ രാജീവ് എന്നിവർ നേതൃത്വം നൽകി.

### റീ ഇമാജിനിംഗ് കേരളം ശില്പശാല

### ഇന്നും പ്രധാന ചർച്ചകൾ

ഇന്നു നടക്കുന്ന രണ്ടാംദിനത്തിൽ കേരളത്തിന്റെ സാമ്പത്തിക-ധനകാര്യ അടിത്തറ ശക്തിപ്പെടുത്തൽ, തൊഴിൽ, സംരംഭകത്വം, നൈപുണ്യ വികസനം, ഉന്നത വിദ്യാഭ്യാസം, ആഗോളതലത്തിലെ കേരളത്തിന്റെ സ്ഥാനം തുടങ്ങിയ വിഷയങ്ങൾ പ്രധാനമായും ചർച്ച ചെയ്യും. സമാപനച്ചടങ്ങിൽ മന്ത്രിമാർക്ക് ഐഐഎം സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യും.